**കവിത**

# അഡോണിസ്

വിവ: ഡോ.എം.എ.അസ്കർ



ഇന്നു ജീവിച്ചിരിക്കുന്ന അറബ് കവികളിൽ ഏറ്റവും പ്രശസ്തനാണ് അഡോണിസ് എന്ന അലി അഹമ്മദ് സഈദ് ഇസ്ബർ. സിറിയയിലെ കസ്വബീസിൽ 1930 ലാണ് ജനനം. 40 വർഷമായി പാരീസിൽ ജീവിക്കുന്നു. പതിനേഴാമത്തെ വയസിലാണ് അഡോണിസ്  കവിത കുറിക്കാൻ തുടങ്ങുന്നത്.1957ൽ 'പ്രഥമകാവ്യം'എന്നസമാഹാരം പ്രസിദ്ധീകരിക്കപ്പെട്ടു.'പ്രഥമകാവ്യം'യൂസുഫ് അൽഖാലിനെ പോലുള്ള അറബ് കവിശ്രേഷ്ഠരുടെ പ്രശംസയ്ക്കു പാത്രമായതോടെ അറബിനാടുകളിൽ അഡോണിസ് ചർച്ചാവിഷയമായി.യൂസുഫ് അൽഖാലിന്റെ പിൻബലം ശിഅ്റ് (കവിത) എന്ന മാസികയുടെ സ്ഥാപനത്തിന് അഡോണിസിനെ ഏറെ സഹായിച്ചു. പിന്നീട് ഇറാഖ് കവിയും കമ്യൂണിസ്റ്റുമായിരുന്ന ബദർ ശാകിർ അൽശയാബ് , ലബനീസ് കവി ജബ്ര ഇബ്രാഹീം ജബ്ര എന്നിവരുമായി ചേർന്ന് തമൂസ് എന്ന സാഹിത്യ സംഘം രൂപീകരിച്ചു. അറേബ്യൻ കാവ്യസംസ്കാരത്തെ പരിപോഷിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടു കൂടിയാണ് ബാബിലോണിയൻ ഐശര്യദേവനായ തമൂസിന്റെ പേര് സംഘത്തിനിടുന്നത്. കവിതയെഴുത്തിലെ പഴഞ്ചൻ രീതിശാസ്ത്രങ്ങളോടു 'തമൂസിയൻമാർ' സന്ധിയില്ലാതെ കലഹിച്ചു.മാത്രമല്ല അറബി-ഇസ്‌ലാമിക സാംസ്കാരിക പാരമ്പര്യങ്ങളെയും പ്രാചീന മദ്ധ്യപൗരസ്ത്യ സാംസ്കാരിക പാരമ്പര്യത്തെയും കാലികമായ പുനർവായനയ്ക്കു വിധേയമാക്കി.

ബൈറൂത്തിലെ ആഭ്യന്തരകലാപകാലത്ത് ഒരു പറ്റം കലാപകാരികളുടെ കൂടെ അഡോണിസും പങ്കുചേർന്നിരുന്നു.വിപ്ളവാനുഭവങ്ങളാണ് 1975ൽ പുറത്തിറങ്ങിയ 'ഉപരോധത്തിന്റെ പുസ്തകം'. ഈ വർഷം തന്നെയാണ് അഡോണിസ് പാരീസിലേക്കു പോകുന്നത്. അറബ് ദേശീയത ഉരുവംകൊള്ളുകയും കവികളും കലാകാരൻമാരും അതിന്റെ പ്രചാരകരായി മുന്നിൽ നിൽക്കുകയും ചെയ്തപ്പോൾ, അഡോണിസ് വിട്ടുനിന്നു. മാത്രമല്ല അധികാരരാഷ്ട്രീയത്തിന്റെ വക്താക്കളായി കവികളും കലാകാരൻമാരും തരംതാഴരുതെന്നും അവർ സ്വതന്ത്രരായി നിൽക്കേണ്ടവരാണെന്നും അഡോണിസ് പ്രസ്താവനയിറക്കി. അറബ് വസന്തത്തെകുറിച്ച് അഡോണിസ് പറയുന്നത് ഇങ്ങനെ :

"അറബ് വസന്തത്തിൽ എന്റെ സന്തോഷം പങ്കുവെച്ചു കൊണ്ട് ഞാനൊരു കവിതയെഴുതിയിരുന്നു. പക്ഷെ വിപ്ലവം പിന്നീട് ഹൈജാക് ചെയ്യപ്പെട്ടു. വസന്തത്തിനു തുടക്കമിട്ട അറബ് യുവത്വം പടിഞ്ഞാറിനെ അനുകരിക്കാതിരുന്നത്  ഏറെ മനോഹരമായിരുന്നു. എന്നാൽ വിപ്ലവത്തിന്റെ വിളവെടുത്തത് അമേരിക്കയും ഇസ്‌ലാമിസ്റ്റുകളും പിന്നെ കുറെ കച്ചവടക്കാരുമാണ്."

ഏഴു തവണ നോബൽസമ്മാനത്തിന് നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുണ്ട്. ഈ വർഷത്തെ ആശാൻ വിശ്വപുരസ്കാരം സ്വീകരിക്കാൻ അഡോണിസ് കേരളത്തിൽ വന്നിരുന്നു.

അഡോണിസ്

# ബൈറൂത്തിന് അഭിവാദ്യം

മരിച്ചവരുടെ അസ്ഥികൾ കൊണ്ടു പണിത
ഊന്നുവടിയിൽ
കാലം മുടന്തുന്നു

ഉറക്കമില്ലായ്മയുടെ ഗൂഢലിപികൾ
രാത്രിയുടെ കഴുത്തറുക്കുന്നു

തലയോട്ടികൾ രക്തം ചീറ്റുന്നു
അവ ഉൻമാദത്താൽ പുലമ്പുന്നു

അഗ്നിയും മലിനമാവുന്നുവോ ?
കാറ്റു കൂനനാവുന്നുവോ ?

പുക മേഘങ്ങളാണ്
അവയ്ക്ക് ശിരസ്സിന്റെ ഛായയാണ്

ആകാശത്തിലെ അക്ഷരമാലകൾ
തുണ്ടു തുണ്ടായി ഭൂമിയിൽ അച്ചടിച്ചുവീഴുന്നു

ചക്രവാളം,
അതിന്റെ പുത്രനായ കാറ്റിനോട്
പുറത്തിറങ്ങരുതെന്ന്
ഉപദേശിക്കുന്നു

ചിതറിത്തെറിച്ച ഈ ദൃഢനിശ്ചയത്തെ
ഞാനെങ്ങനെ വാരിക്കൂട്ടും?

പാതയിലെ ചരൽക്കല്ലുകൾ
തളർന്നു പോകാത്തതെന്താണ്?

സൂര്യനു പോലും,
ഇരുട്ട് സ്രവിക്കുന്ന
ഈ ശരീരത്തെ
പ്രകാശമാനമാക്കാൻ കഴിയില്ല

കാലം പൊടിപടലങ്ങളെ ഉടുത്തു കെട്ടുന്നു
അവയ്ക്ക് ഒരു വൃദ്ധന്റെ ഭാവമാണ്

നിദ്രയുടെ ഗോവണി കയറുമ്പോൾ,
ചിത്രശലഭങ്ങൾ എരിഞ്ഞൊടുങ്ങുന്നു

ഭസ്മരാജൻ
സിംഹാസനത്തിലിരുന്ന് ബൈഅത്ത്*
സ്വീകരിക്കുന്നു
മിസൈൽരാജൻ
തന്റെ അംഗവസ്ത്രം
പ്രജകളുടെ ദേഹത്തിലൂടെ വലിച്ചിഴക്കുന്നു

സൂര്യൻ അതിന്റെ വെളിച്ചത്തിനോടു പറയുന്നു:
എനിക്കു കാണാൻ വേണ്ടി,
നീ എന്റെ കണ്ണഞ്ചിപ്പിക്കുക

നരഹത്യയെ ന്യായീകരിക്കുന്ന
ഒരു തെറ്റാണോ ജീവിതം ?

എവിടെ കണ്ണീരു നിറയുന്ന കുഴികൾ?
എവിടെ ആത്മാവ് ശരണംപ്രാപിക്കുന്ന മടകൾ?

ഒന്ന് മറ്റൊന്നിനെ നിഗ്രഹിക്കുന്നു

ഈ ആകാശത്തിനു വേറെ മുലകളില്ലേ ?

ഈ പനിനീർപൂവിനു ദുർവാശി എവിടുന്നു
കിട്ടി?,
അതിന്റെ പ്രണയം
എന്നെ വായിച്ചുകേൾപ്പിച്ചുകൊണ്ടേയിരിക്കുന്നു.

പനിനീർപൂവ് അതിന്റെ സുഗന്ധത്തെ
പ്രസവിച്ചതെങ്ങനെയെന്ന് മറക്കുന്നു

പകൽ പകലിനെ ഭയക്കുന്നു
രാത്രി രാത്രിയിലൊളിക്കുന്നു:
സൂര്യൻ കണ്ണുതിരുമ്മി നെടുവീർപ്പിടുന്നു-
അതു കാണുന്നതൊന്നും വിശ്വസിക്കുന്നില്ല

നന്ദി
അഗ്നിയെ ശമിപ്പിച്ച ചിതാധൂളികൾക്ക്,
ബോംബുവീഴ്ചകളിലെ ഇടവേളകൾക്ക്,
എന്റെ കാലടികളെ സഹിച്ച ഇഷ്ടികപ്പാതകൾക്ക്,
സഹിക്കാൻ പഠിപ്പിക്കുന്ന ഈ ശിലാഖണ്ഡത്തിന്.
സ്ഫോടനങ്ങളുടെ ലഹരി പരീക്ഷിക്കുകയാണ്
ഞാൻ,
സ്ഫോടനങ്ങളുടെ പരമാനന്ദം,
ആകസ്മികതകളുടെ ആകാശത്തിലേക്ക്
ഞാൻ എന്നെത്തന്നെ വെടിവെച്ചിടുന്നു
വിളക്കണഞ്ഞു.
ഇനി എന്റെ സ്വപ്നങ്ങളുടെ നക്ഷത്രങ്ങൾക്ക്
ഞാൻ തിരിതെളിക്കട്ടെ,
പ്രണയമേ, എന്നെ പുണരുക,
ഈ രാത്രിയിൽ എനിക്കു കൂട്ടുവരിക

*ഇസ്ലാമിക രാജ്യങ്ങളിൽ ഖലീഫയെ അംഗീകരിച്ചു കൊണ്ട് ജനങ്ങൾ ചെയ്യുന്ന പ്രതിജ്ഞ